# വിദ്യാഭ്യാസത്തിന് സാങ്കേതികവിദ്യ: രാജ്യാന്തര സമ്മേളനം അമൃത സർവകലാശാലയിൽ

**കൊല്ലം:** വിദ്യാഭ്യാസത്തെ അർഥവത്താക്കുന്നതിൽ സാങ്കേതികവിദ്യയ്ക്കുള്ള പങ്കിനെപ്പറ്റി ചർച്ച ചെയ്യുന്നതിനും ഇക്കാര്യത്തിലുള്ള ഗ്രാമീണ നാഗരിക വിടവുകളെ സംയോജിപ്പിക്കുന്നതിനുംവേണ്ടി ഗവേഷകരെയും അതത് മേഖലകളിലെ പരിചയസമ്പന്നരെയും അണിനിരത്തുന്ന ആറാമത് ഐ.ഇ.ഇ.ഇ. ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ടെക്‌നോളജി ഫോർ എഡ്യൂക്കേഷൻ (ടി 4 ഇ) അമൃത സർവകലാശാലയിൽ നടക്കും. കൊല്ലം അമൃതപുരി കാമ്പസിൽ വ്യാഴാഴ്ച മുതൽ നാലു ദിവസമാണ് സമ്മേളനം.

വ്യാഴാഴ്ച രാവിലെ 9ന് കേന്ദ്ര സർക്കാരിന്റെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവിന്റെ ഓഫീസിലെ സയന്റിഫിക് സെക്രട്ടറി ഡോ. എസ്.വി.രാഘവൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. കേരളത്തിൽ ഈ സമ്മേളനം നടത്തുന്നത് ആദ്യമായാണെന്ന് സംഘാടകർ പത്രസമ്മേളനത്തിൽ പറഞ്ഞു. മുമ്പ് വിവിധ ഐ.ഐ.ടി.കളിലായിരുന്നു ഇത് നടത്തിയിരുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ഈ മേഖലയിലെ പ്രശസ്തരായ ഗവേഷകരും സർക്കാർ വകുപ്പുകളുടെ മേലധികാരികളും സാങ്കേതിക വിദഗ്ധരും പങ്കെടുക്കും. വിദ്യാഭ്യാസത്തെ പിന്തുണയ്ക്കാനാകുംവിധം സാങ്കേതികവിദ്യകളുടെ വികസിപ്പിക്കൽ, കണ്ടന്റ് ഡെവലപ്മെന്റിലും ക്ലാസ് മുറികളുടെ ഉപയോഗത്തിലും ഐ.സി.ടി.യുടെ മികച്ച ഉപയോഗം, കമ്പ്യൂട്ടർ അധിഷ്ഠിത പുരോഗമനം, സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠനത്തിന് പാഠ്യപദ്ധതി തയ്യാറാക്കൽ തുടങ്ങിയവ സമ്മേളനത്തിന്റെ മുഖ്യ ചർച്ചാവിഷയങ്ങളാണ്.

മുംബൈ ഐ.ഐ.ടി.യിൽനിന്നുള്ള സമീർ സഹസ്രബുദ്ധെ, റിതജിത് മജുംദാർ, അമേരിക്കയിലെ സെൻട്രൽ കണക്ടിക്കട്ട് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ബാരി സ്പോണർ, ഹൈദരാബാദ് ഐ.ഐ.ടി.യിലെ അനോൺറേ, തിരുമൽ റാവുല, ബെംഗളൂരു പി.ഇ.എസ്. സർവകലാശാലയിലെ വിരാജ് കുമാർ, കിഴക്കൻ ഫിൻലാൻഡ് സർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് പ്രൊഫസർ ഡോ. എർക്കി സുട്ടിനൻ, മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിലെ ഡോ. സഞ്ജയ് ചന്ദ്രശേഖരൻ, ഓൺലൈൻ അധ്യയനത്തിലേയും നവമാധ്യമത്തിലേയും വിശാരദനായ സ്റ്റീഫൻ ഡോൺസ്, ഹോങ്കോങ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷനിലെ പ്രൊഫ. കോങ് സ്യൂചുൻ എന്നിവരാണ് പ്രഭാഷകരിലെ പ്രമുഖർ.

സീരിയസ് ഗെയിംസ് ആൻഡ് വിർച്വൽ ഡിവൈസസ്, ഇന്ത്യയിലെ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ ഭാവി, ഇന്നൊവേറ്റീവ് പെഡഗോഗി, ഇന്റർ ഡിസിപ്ലിനറി കരിക്കുലം തുടങ്ങിയ വിഷയങ്ങളിലും ചർച്ച നടക്കും. സമ്മേളനത്തിന് മുന്നോടിയായി കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ഓൺലൈൻ പരിശീലനത്തിന്റെ ഭാവിയെപ്പറ്റി ബുധനാഴ്ച നടത്തിയ ശില്പശാലയിൽ മുംബൈ ഐ.ഐ.ടി.യിലെ പ്രൊഫ. ദീപക് പഥക്, പ്രൊഫ. ഗ്രെയ്ടൊണെ എന്നിവർ പങ്കെടുത്തു.

പത്രസമ്മേളനത്തിൽ അമൃത യൂണിവേഴ്സിറ്റി കോർപ്പറേറ്റ് ആൻഡ് ഇൻഡസ്ട്രി ഹെഡ് ബ്രഹ്മചാരി ബിജുകുമാർ ഇ-ലേണിങ് റിസർച്ച് ലാബ് ഡയറക്ടർ കമൽ ബിജ്ലാനി സുമിത് ബഹൽ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.